28 (*28) കുടുംബ കോടതികളുടെ പ്രവർത്തനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബ കോടതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് കുടുംബ കോടതികൾ പ്രവർത്തിക്കുന്നത്;

(സി) കുടുംബകോടതികളുടെ പ്രവർത്തനം എത്രത്തോളം ഫലപ്രാപ്തിയിൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടുംബ തർക്ക പ്രശ്നങ്ങൾക്ക് വേഗത്തിൽ തീർപ്പ് കല്പിക്കുവാൻ കൂടുതൽ കുടുംബ കോടതികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ കുടുംബ കോടതികളുടെ പ്രവർത്തനം ത്വരിത ഗതിയിലാക്കാൻ ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഫർണിച്ചർ, ജഡ്ജിക്കുള്ള വാഹനം, ഫോൺ, താമസസൗകര്യം ഇവ അനുവദിച്ചിട്ടുണ്ട്. കേസുകളുടെ കാലതാമസം ഒഴിവാക്കാനായി ഓരോ കുടുംബ കോടതിയോടനുബന്ധിച്ച് പ്രിൻസിപ്പൽ കൗൺസിലറേയും മറ്റു കൗൺസിലർമാരേയും നിയമിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കുടുംബകോടതികൾ അനുവദിക്കുന്ന കാര്യം ഓരോ ജില്ലയിലേയും കുടുംബ സംബന്ധമായ കേസിന്റെ ബാഹുല്യം കണക്കിലെടുത്ത് ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നത് തത്വത്തിൽ അംഗീകരിച്ച് അനന്തര നടപടികൾ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. കുടുംബ കോടതികളുടെ പ്രവർത്തനവും കേസിന്റെ തീർപ്പാക്കലും ഹൈക്കോടതി സൂക്ഷ്മമായി വിലയിരുത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം (മഞ്ചേരി) കോഴിക്കോട് എന്നീ ജില്ലകളിൽ കുടുംബകോടതികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കുടംബ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ അനുരഞ്ജന മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് കുടുംബ കോടതികൾ പ്രവർത്തിക്കുന്നത്. നിയമത്തിന്റെ നടപടികൾ, തെളിവ് എന്നിവയിൽ ആവശ്യമായ അയവു നൽകികൊണ്ട് കുടുംബകോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നുണ്ട്. ആയതിനാൽ കേസുകൾ വേഗം തീർപ്പാക്കാൻ സാധിക്കുന്നുണ്ട്.

(ഡി) എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി കുടുംബ കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

29 (*29) ടൂറിസം വികസനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

LIBRARY ARCHIVES Kerala Legislative Assembly